US PROFILES

ഡോ. സിന്ധു പിള്ള

emalayalee.com

'എകെഎംജി'ക്ക് പുതിയ ദിശാബോധം നൽകും : ഡോ.സിന്ധു പിള്ള

മീട്ടു റഹ്മത്ത് കലാം

തിരക്കുകൾ ഡോ.സിന്ധു പിള്ളയുടെ സന്തതസഹചാരിയാണ്.സ്കൂൾ-കോളജ് കാലം മുതൽ പഠനത്തിലും നൃത്തത്തിലും സംഗീതത്തിലും ഒരുപോലെ തിളങ്ങുമ്പോൾ എല്ലാ മേഖലകളിലും സമയം കണ്ടെത്താനുള്ള കഴിവ് നൈസർഗികമായ വന്നുചേർന്നതാണ്. പീഡിയാട്രീഷൻ എന്ന നിലയിലെ തിരക്കുകൾക്കിടയിലും കലാപ്രവർത്തനങ്ങൾക്കും സംഘടനാപ്രവർത്തനങ്ങൾക്കും സമയം കണ്ടെത്തുന്നത് എങ്ങനെ എന്ന് ചോദിച്ചാലും മറുപടി ഒരു ചെറുചിരിയിൽ ഒതുങ്ങും. നോർത്ത് അമേരിക്കയിലെയും കാനഡയിലെയും മലയാളി ഡോക്ടർമാരുടെ സംഘടനയായ എകെഎംജി യുടെ പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്ത ഡോ.സിന്ധു പിള്ള തന്റെ വിശേഷങ്ങൾ ഇ-മലയാളിയുമായി പങ്കുവയ്ക്കുന്നു...

ആലപ്പുഴയിലെ ബാല്യകൗമാരങ്ങൾ? ഡോക്ടർ ആകണമെന്ന് തന്നെയായിരുന്നോ ആഗ്രഹം?

ചെറിയ ക്ലാസ് മുതൽ പഠിക്കാൻ മുൻപന്തിയിലായിരുന്നു. നാലുവയസുമുതൽ നൃത്തവും അഭ്യസിച്ചുതുടങ്ങി. ലിറ്റിൽ ഫ്ലവർ യു.പി.എസ്,സെന്റ് മേരീസ് ഹൈസ്കൂൾ

(ചേർത്തല)എന്നിവിടങ്ങളിൽ മലയാളം മീഡിയത്തിലാണ് പഠിച്ചത്. അധ്യാപികകൂടിയായ അമ്മയ്ക്കൊപ്പം സ്കൂളിലേക്ക് പോകുമ്പോഴൊക്കെ ജീവിതത്തിൽ പിന്നീട് ഗുണകരമായിത്തീർന്ന ഒരുപാട് ഉപദേശങ്ങൾ കേട്ടിട്ടുണ്ട്. പാഠ്യേതര വിഷയങ്ങളിലും കഴിവ് തെളിയിച്ചു. പദ്യപാരായണം,അക്ഷരശ്ലോകം,നാടോടി നൃത്തം,ലളിതഗാനം എന്നിങ്ങനെ ചേരുന്നതിനെല്ലാം സമ്മാനം നേടിയിരുന്നു. തിരുവാതിരയ്ക്ക് ജില്ലാതലം വരെ മത്സരിച്ചിട്ടുണ്ട്.ആറു ഡിവിഷനുകളിൽ സ്കൂൾ ടോപ്പറുമായി. സെന്റ് മൈക്കിൾസ് കോളജിൽ സെക്കൻഡ് ഗ്രൂപ്പ് എടുത്ത് പ്രീഡിഗ്രിക്ക് ചേരുമ്പോൾ തന്നെ, മകളെ ഡോക്ടറാക്കണം എന്നാണ് അക്കൗണ്ടന്റായ അച്ഛൻ കണക്കുകൂട്ടിയിരുന്നത്. എസ്.എസ്.എൽ.സി ക്ക് കണക്കിന് തൊണ്ണൂറ്റിയൊൻപതര മാർക്ക് നേടിയ എന്നെ സംബന്ധിച്ച് ആ വിഷയം തുടർന്ന് പഠിക്കേണ്ട എന്ന തീരുമാനം സങ്കടകരമായിരുന്നു. അക്കങ്ങളോട് ഇപ്പോഴും വലിയ പ്രിയമാണ്. ഫോൺ നമ്പറുകൾ ഓർത്തുവയ്ക്കുന്ന ശീലമുണ്ട്. പഠിക്കുന്ന കുട്ടികൾ എഞ്ചിനീയർ അല്ലെങ്കിൽ ഡോക്ടർ ആകുന്ന ആ ട്രെൻഡിൽ, എന്റെ ഇഷ്ടത്തിന് വിട്ടിരുന്നെങ്കിൽ മെഡിസിന് പോകുമായിരുന്നോ എന്ന് ഉറപ്പില്ല.രണ്ടുമാസം എൻട്രൻസ് കോച്ചിങ്ങിന് എറണാകുളത്തെ ഐസിഎസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് പഠിച്ചു. മഹാരാജാസ് കോളജിലെ റിട്ടയേർഡ് അദ്ധ്യാപകരാണ് പഠിപ്പിച്ചിരുന്നത്. മോക്ക് ടെസ്റ്റിന് നല്ല സ്കോർ നേടി,ക്യാഷ് അവാർഡ് ലഭിച്ചിരുന്നു. അറുപത്തിയഞ്ചാം റാങ്കോടെയാണ് ആലപ്പുഴ മെഡിക്കൽ കോളജിൽ ചേർന്നത്.പിന്നീടാണ് ഈ പ്രൊഫഷനെ സ്നേഹിച്ചു തുടങ്ങിയതും ഡോക്ടറാകാൻ മനസ്സുകൊണ്ട് തയ്യാറെടുത്തതും.

ആലപ്പുഴ മെഡിക്കൽ കോളജ് പഠനകാലത്തെ രസകരമായ ഓർമ്മ?

മെഡിക്കൽ കോളജിലെ അന്തരീക്ഷം തികച്ചും വ്യത്യസ്തമായിരുന്നു. അതുവരെയും കയ്യടി മാത്രം കിട്ടിയിട്ടുള്ള എന്റെ നൃത്തത്തിന് കൂവൽ കേൾക്കേണ്ടി വന്നത് അവിടെ വച്ചാണ്. മാനസികമായി കുറച്ചുകൂടി കരുത്ത് കിട്ടുന്നത് അങ്ങനെയുള്ള അനുഭവങ്ങൾ കൂടി വരുമ്പോഴാണ്. കോളജിൽ അല്പം പോപ്പുലർ ആയതോടെ എന്നെപ്പിടിച്ച് ഇലക്ഷന് നിർത്തി. ഫസ്റ്റ് ഇയറിൽ തന്നെ ലേഡി റെപ്രസെന്റേറ്റീവ് ആയിട്ട് ജയിച്ചു. സംഘടനാപ്രവർത്തനത്തിന്റെ ഹരിശ്രീ കുറിച്ചത് അവിടെനിന്നാണെന്ന് പറയാം. ഒന്നാം റാങ്കോടെയാണ് പഠിച്ചിറങ്ങിയത്.

പീഡിയാട്രിക്സ് തിരഞ്ഞെടുക്കാൻ കാരണം?

കുഞ്ഞുങ്ങളുടെ നിഷ്കളങ്കമായ മുഖം പകരുന്ന ഊർജ്ജം വളരെ വലുതാണ്. ഞാൻ അതേറെ

ആസ്വദിക്കുന്ന വ്യക്തിയാണ്. നാട്ടിൽ പീഡിയാട്രിക് റൊട്ടേഷൻ ഫൈനൽ ഇയറിൽ ചെയ്തപ്പോൾ മുതൽ അതിനോട് താല്പര്യം തോന്നിയിരുന്നു. പഠിച്ചിറങ്ങിയ ഉടൻ അമേരിക്കയിൽ എത്തി. സത്യം പറഞ്ഞാൽ,നാട്ടിൽ ജോലി ചെയ്തിട്ടില്ല. ഇവിടുത്തെ സംസ്കാരവുമായി പൊരുത്തപ്പെടാനും അല്പം സമയമെടുത്തു. മുതിർന്നവരെ ചികിത്സിക്കുന്നതിനേക്കാൾ കുറച്ചുകൂടി കണക്ട് ചെയ്യാൻ എളുപ്പം കുട്ടികളുമായിട്ടാണെന്ന് തോന്നിയതുകൊണ്ടു കൂടിയാണ് പീഡിയാട്രിക്സ് തിരഞ്ഞെടുത്തത്.



കേരളത്തിൽ നിന്ന് എംബിബിഎസ് പൂർത്തിയാക്കിയ ഉടൻ തന്നെ അമേരിക്കയിലേക്ക് പറന്നത് ശരിയായ തീരുമാനം ആയിരുന്നോ?

വിവാഹശേഷം 91 ലാണ് അമേരിക്കയിൽ എത്തുന്നത്. കാലിഫോർണിയയിലേക്കാണ് വന്നത്.റെസിഡൻസി കിട്ടി ഷിക്കാഗോയിലേക്ക് പോയി. മൂന്നുനാലു വർഷം അവിടെ ജോലി ചെയ്തു. മക്കൾ ജനിച്ച ശേഷം വീണ്ടും കാലിഫോർണിയയിലേക്ക് ഷിഫ്റ്റ് ചെയ്തു. നാലു പീഡിയാട്രീഷ്യൻസ് ചേർന്ന് ഒരു ഗ്രൂപ്പായി പ്രാക്റ്റീസ് ചെയ്തിരുന്നു. അക്കൂട്ടത്തിൽ ഏറ്റവും തിരക്ക് എനിക്കായിരുന്നു. അങ്ങനെ മറിയേറ്റ എന്ന സ്ഥലത്ത്

2004 ൽ സ്വന്തമായി പ്രാക്ടീസ് ആരംഭിച്ചു. അന്നതൊരു ചെറിയ സ്ഥലമായിരുന്നെങ്കിലും ഇപ്പോൾ വികസിച്ചു. നമുക്കൊരു എക്സ്-ഫാക്ടർ ഉള്ളതുകൊണ്ട് ആളുകൾ തേടിപ്പിടിച്ച് കാണാൻ വരും. 'ഡോ.സിന്ധു പിള്ളയെ കാണിക്കൂ' എന്ന് കേട്ട് കുഞ്ഞുങ്ങളുമായി പ്രതീക്ഷയോടെ എത്തുന്ന രക്ഷാകർത്താക്കളിൽ ഞാൻ എന്നെത്തന്നെയാണ് കാണുന്നത്. എന്റെ കുട്ടികൾക്ക് അസുഖം വന്നാൽ എങ്ങനെ നോക്കുമോ,ആ രീതി തന്നെയാണ് മുന്നിലെത്തുന്ന ഓരോ കുഞ്ഞിനോടും കൈക്കൊള്ളുന്നത്. പണ്ട് ഞാൻ ചികിത്സിച്ച കുട്ടികൾ അവരുടെ മക്കളുമായി വരാറുണ്ട്. ഞാനും ഡോക്ടറുടെ പേഷ്യന്റ് ആയിരുന്നെന്ന് അവർ സ്നേഹത്തോടെ പറയുമ്പോൾ വല്ലാത്ത സംതൃപ്തി തോന്നും.പിറന്നു വീണ കുഞ്ഞിനെ മുതൽ പതിനെട്ടു വയസ്സാകുന്നതു വരെ പീഡിയാട്രീഷ്യനാണ് നോക്കുന്നത്. ഗർഭാവസ്ഥയിൽ തുടങ്ങി പീഡിയാട്രീഷ്യന്റെ സേവനം അമേരിക്കയിൽ തേടാറുണ്ട്. കുഞ്ഞിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ചെ

ക്ക് അപ്പ് ഉണ്ടായിരിക്കും. ഏർളി ഇന്റർവെൻഷൻ പ്രോഗ്രാം ഏറെ പ്രയോജനപ്രദമാണ്. ഇത്ര മാസത്തിൽ ഒരു കുഞ്ഞ് കമഴ്ന്ന് വീണില്ലെങ്കിലോ ഇത്ര മാസത്തിൽ ഇരുന്നില്ലെങ്കിലോ നടന്നില്ലെങ്കിലോ കൃത്യമായി മോണിറ്റർ ചെയ്ത് ഓട്ടിസം പോലുള്ള രോഗങ്ങൾ തിരിച്ചറിയുകയും ചികിത്സ ആരംഭിക്കുകയും ചെയ്യും. തുടക്കത്തിൽ കണ്ടെത്തിയാൽ, പരിഹരിക്കാവുന്ന പ്രശ്നങ്ങളാണ് പല കുട്ടികൾക്കും. ഓട്ടിസം സ്ക്രീനിംഗ് 6 മുതൽ 9 മാസത്തിനിടയിൽ ആരംഭിക്കും. തിങ്കൾ മുതൽ വെള്ളി വരെ പ്രാക്റ്റീസ് ഉണ്ട്. ഫിസിഷ്യൻ അസിസ്റ്റന്റ്സായി രണ്ടുപേരുണ്ട്. തുടങ്ങിയ സമയത്തെ സീനിയർ നഴ്സും ഓഫീസ് മാനേജരാണ് ഇപ്പോഴും ഉള്ളത്. എന്റെ സമീപനംകൊണ്ടാണ് അവർ മറ്റൊരിടത്തേക്ക് പോകാത്തത്. 15 പേരാണ് ഒപ്പം പ്രവർത്തിക്കുന്നത്. ആദ്യസമയത്ത് ബുദ്ധിമുട്ടിയിരുന്നെങ്കിലും തിരിഞ്ഞുനോക്കുമ്പോൾ നൂറ് ശതമാനം ഹാപ്പിയാണ്.

ഒരു പീഡിയാട്രീഷ്യന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ? ഡോക്ടർ എന്ന നിലയിൽ സംതൃപ്തയാണോ?

അനുകമ്പ ഉണ്ടായിരിക്കേണ്ടത് വളരെ പ്രധാനമാണ്. കുഞ്ഞുങ്ങൾക്ക് എല്ലാക്കാര്യവും പറഞ്ഞുപിടിക്കാൻ ആകില്ല. തുറന്ന മനസ്സോടെയും അമ്മയുടെ കരുതലോടെയും വേണം അവരോട് ഇടപെടാൻ. രക്ഷാകർത്താക്കൾക്ക് പറയാനുള്ളത് ക്ഷമയോടെ കേൾക്കണം. കുഞ്ഞിന്റെ വയ്യായ്ക കാരണം രാത്രി ഉറങ്ങിയിട്ടില്ലെന്ന് ഒരു അമ്മ പറയുമ്പോൾ അവരെ ആശ്വസിപ്പിക്കാനാകണം. എന്നെ സംബന്ധിച്ച്, അമ്മയായ ശേഷമാണ് പീഡിയാട്രീഷ്യൻ എന്ന നിലയിൽ ഞാൻ കുറച്ചുകൂടി മെച്ചപ്പെട്ടത്. എല്ലാ അമ്മമാരിലും ഒരു ഡോക്ടർ ഉണ്ട്. എത്ര സീനിയോറിറ്റി ഉണ്ടെങ്കിലും എല്ലാം അറിയാവുന്നവർ ആണെന്ന് കരുതി ഇരിക്കാറില്ല.ലക്ഷണങ്ങൾ വച്ച് പരിശോധനകൾ നിർദ്ദേശിക്കുകയും രോഗനിർണ്ണയം നടത്തുന്നതുമാണ് എന്റെ രീതി. നമുക്ക് മനസ്സിലാകുന്നില്ലെങ്കിൽ സ്പെഷ്യലിസ്റ്റിന് റെഫർ ചെയ്യാൻ മടിക്കാറില്ല. അറിയില്ലെങ്കിൽ തുറന്നുപറയുന്നതാണ് ഏറ്റവും നല്ലത്. കുഞ്ഞിന്റെ അസുഖം മാറുമ്പോൾ അമ്മയുടെ മുഖത്ത് കാണുന്ന സന്തോഷമാണ് നമുക്ക് കിട്ടാവുന്ന ഏറ്റവും വലിയ സംതൃപ്തി. 5-10 വർഷം കൂ

ടുമ്പോൾ ബോർഡ് സർട്ടിഫിക്കേഷനും 2 വർഷം കൂടുമ്പോൾ ലൈസൻസും പുതുക്കണം എന്നാണ് അമേരിക്കയിലെ നിയമം.ഡോക്ടർമാർ മാറ്റങ്ങൾ അപ്ഡേറ്റ് ചെയ്തുകൊണ്ടേ ഇരിക്കണം. എപ്പോഴും പഠിച്ചുകൊണ്ടിരിക്കുക എന്നത് ഞാൻ ആസ്വദിക്കുന്ന കാര്യമാണ്.

സംഘടനകളിൽ സജീവമാണോ? എകെഎംജിയുമായുള്ള ബന്ധം?

2018 ൽ ഫോമാ വിമൻസ് റെപ്രെസെന്റ്റീവ് ആയിരുന്നു. കേരളത്തിലെ പ്രളയസമയത്ത് ഒട്ടേറെ സഹായങ്ങൾ ചെയ്യാൻ സാധിച്ചു .

1979 ൽ നാലോ അഞ്ചോ ഡോക്ടർമാർ ചേർന്ന് ഒരു വീട്ടിൽ നടത്തിയ ഒത്തുചേരലാണ് പിന്നീട് എകെഎംജി എന്ന സംഘടനയായി പരിണമിച്ചത്. ആദ്യ കൺവൻഷന് 35 പേരേ ഉണ്ടായിരുന്നുള്ളു.ഇന്ന് നോർത്ത് അമേരിക്കയിലെയും കാനഡയിലെയും നാലായിരത്തോളം ഡോക്ടർമാർ ഇതിന്റെ ഭാഗമാണ്. യുകെ യിലും ദുബൈയിലും സമാനമായി പ്രവർത്തിക്കുന്ന സംഘടനകളെക്കൂടി ഏകോപിപ്പിച്ച് എകെഎംജിക്ക് ഒരു ഗ്ലോബൽ മുഖം പ്രദാനം ചെയ്യാനുള്ള നീക്കങ്ങൾ പുരോഗമിക്കുന്നുണ്ട് .കേരളത്തിൽ ജനിച്ചവരോ മാതാപിതാക്കൾ മലയാളികൾ ആയിട്ടുള്ളവരോ ആയാൽ എകെഎംജിയിൽ ചേരാം.പഠിച്ചതും വളർന്നതും മറുനാട്ടിലായാലും അംഗമാകാം.കേരളത്തിൽ പഠിച്ച മലയാളികൾ അല്ലാത്ത ഡോക്ടർമാർക്കും ഇതിൽ അംഗത്വമെടുക്കാം.

99 ലാണ് ഓൾ കേരള മെഡിക്കൽ ഗ്രാജുവേറ്റ്സ് (എകെഎംജി)എന്ന സംഘടനയിൽ ഞാൻ ചേരുന്നത്. പ്രൊഫഷനോടുള്ള സ്നേഹമാണ് ഈ അസോസിയേഷനുമായി ചേർത്തുനിർത്തുന്നത്.

ഞാനൊരു ചേച്ചിയെപ്പോലെ കരുതുന്ന ഡോ. രാധ മേനോനെ പോലെയുള്ള സീനിയർ ഡോക്ടർമാരുമായി അടുത്തത് അങ്ങനെയാണ്. അവർ പ്രസിഡന്റ് ആയിരിക്കെ കാലിഫോർണിയയിലാണ് എകെഎംജിയുടെ കൺവൻഷൻ നടന്നത്.ഞാൻ അതിന്റെ കൾച്ചറൽ എന്റർടെയ്ൻമെന്റ് ചെയറായിരുന്നു.ഡോക്ടർമാരുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കാനും സംഘടന എക്കാലവും താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.അലാസ്കൻ ക്രൂസിലും ഹവായിയിലും ഡെട്രോയ്റ്റിലും നടന്ന കൺവൻഷനുകളിലും സജീവമായി പങ്കെടുത്തു. 2020 ലാണ് ഇതിന്റെ ബോർഡ് ഓഫ് ഗവർണേഴ്സ് എന്ന് അറിയപ്പെടുന്ന സ്ഥാനത്തേക്ക് വരുന്നത്. ഞാൻ എത്തിയപ്പോൾ സംഘടനയിൽ മുൻപുണ്ടായിരുന്നവർ ആരുമില്ല. അങ്ങനെ സുഹൃത്തുക്കളുമായി ഫോണിൽ ബന്ധപ്പെട്ട് കൂടുതൽ ഡോക്ടർമാരെ സംഘടിപ്പിച്ചു. സതേൺ കാലിഫോർണിയയിൽ 40 പേരുമായി 2020 ജനുവരിയിൽ ഒരു റെസ്റ്റോറന്റിൽ ഒത്തുചേർന്ന ശേഷം കേരളത്തിൽ ഒരു ചടങ്ങിൽ പങ്കെടുക്കാൻ വന്ന സമയത്താണ് അപ്രതീക്ഷിതമായി കോവിഡ് രൂക്ഷമായത്. മാർച്ചിൽ ഞാൻ തിരികെ അമേരിക്കയിലെത്തി.പിറ്റേ ദിവസമാണ് ലോക്ഡൗൺ പ്രഖ്യാപനമുണ്ടായത്. എക്സ്ക്യൂട്ടീവ് കമ്മിറ്റിയിൽ വന്നശേഷം ട്രഷറർ, വൈസ്-പ്രസിഡന്റ് തുടങ്ങി ഇപ്പോൾ പ്രസിഡന്റ് പദവിവരെ എത്തി.

കോവിഡ് ജീവിതത്തെ എങ്ങനെ ബാധിച്ചു?

പത്തുദിവസം ക്വാറന്റൈനിൽ കഴിഞ്ഞു. ആ സമയത്തും വെൽ-ചെക്കപ്പിനുവരുന്നവരെ കാണുന്നുണ്ടായിരുന്നു. അസുഖമായുള്ള കുഞ്ഞുങ്ങളെ വീഡിയോ കോളിൽ കൂടിയും നോക്കി. നമ്മുടെ ചെറിയ പതിപ്പാണ് കുഞ്ഞുങ്ങൾ എന്നത് തെറ്റായ ധാരണയാണ്.അവരുടെ ഇമ്മ്യൂൺ സിസ്റ്റവും ശ്വസനപ്രക്രിയയുമെല്ലാം വ്യത്യസ്തമാണ്. അതുകൊണ്ട് കുട്ടികൾക്കുള്ള കോവിഡ് വാക്സിന് ഏറെ പഠനങ്ങൾക്ക് ശേഷമാണ് അനുമതി ലഭിച്ചത്. പീഡിയാട്രീഷ്യൻ എന്ന നിലയിൽ കുട്ടികളുടെ വാക്സിൻ എടുപ്പിക്കണമെന്ന് തന്നെയാണ് മാതാപിതാക്കളോട് ശുപാർശ ചെയ്യുന്നത്.

ഇത്രയേറെ തിരക്കുകളുള്ള ഡോക്ടർക്ക് സംഘടനാപ്രവർത്തനങ്ങൾക്കും കലാപ്രവർത്തനങ്ങൾക്കും എങ്ങനെയാണ് സമയം കണ്ടെത്താനാകുന്നത്?

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും എന്നു പറയില്ലേ.നമുക്ക് താല്പര്യമുണ്ടെങ്കിൽ എല്ലാം ചെയ്യാൻ 24 മണിക്കൂർ ധാരാളമാണ്. ഇതുകൂടാതെ ഓൺലൈനായും നേരിൽ പോയും നൃത്തവും സംഗീതവും അഭ്യസിക്കുന്നുണ്ട്. ശാസ്ത്രീയ സംഗീതവും കേരളത്തിന്റെ തനതായ നൃത്തരൂപമായ മോഹിനിയാട്ടവും പഠിക്കുന്നുണ്ട്.മോഹിനിയാട്ടത്തിൽ ഗോപികാ വർമ്മയാണ് ഗുരു. ഇക്കഴിഞ്ഞ ഏപ്രിലിൽ തിരുവനന്തപുരത്ത് 'ഭാഗവതം' എന്ന പേരിൽ 80-90 ശിഷ്യർക്കൊപ്പം ടീച്ചർ നടത്തിയ വർക്ഷോപ്പിൽ പങ്കെടുത്തിരുന്നു. ഞായറാഴ്ചകളിൽ രാവിലെ സൂമിലൂടെയാണ് ക്ലാസ്. സ്മിത ടീച്ചറാണ് കഥക് പരിശീലിപ്പിക്കുന്നത്. ജോലി കഴിഞ്ഞുവന്ന് ഒരു മണിക്കൂർ ഡ്രൈവ് ചെയ്താണ് ക്ലാസിൽ പോകുന്നത്. എൻഡിഎം ബോളിവുഡ് ഡാൻസ് കമ്പനി നടത്തുന്ന നകുൽദേവ് മഹാജന്റെയും സ്റ്റുഡന്റാണ്. പല പ്രായക്കാരായ ഡോക്ടർമാരും നഴ്സുമാരും എഞ്ചിനീയർമാരും അവിടെ പഠിക്കുന്നുണ്ട്. കഴിഞ്ഞ നാലഞ്ച് വർഷങ്ങളായി ഞങ്ങളുടെ ട്രൂപ്പിന് പ്രോഗ്രാമുണ്ട്. 20 സ്ത്രീകളാണ് അതിൽ ഉള്ളത്.

എകെഎംജിയുടെ പ്രവർത്തനങ്ങൾ എങ്ങനെ പോകുന്നു? പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്ത ശേഷം നടപ്പാക്കിയ കാര്യങ്ങൾ?

മുൻ ഭരണസമിതി തുടങ്ങിവച്ച കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനാണ് ഊന്നൽ കൊടുക്കുന്നത്. കണ്ടിന്യുഡ് മെഡിക്കൽ എജ്യുക്കേഷൻ (സിഎംഇ) അവേഴ്സ് നേടാൻ എകെഎംജി സഹാ

യിക്കാറുണ്ട്. സംഘടനയുടെ ആഭിമുഖ്യത്തിൽ വർഷത്തിൽ മൂന്ന് സിഎംഇ വർച്ചലായി കൊടുക്കും. കൺവൻഷന്റെ സമയത്ത് എട്ടുമണിക്കൂർ നൽകുന്നുണ്ട്. ഇന്റർനാഷണൽ സ്റ്റുഡന്റ്സിന് മെന്റർഷിപ്പ് പ്രോഗ്രാം നടത്തുന്നതാണ് പ്രധാന പദ്ധതി. ഓൺലൈൻ ട്രെയിനിങ്ങും നൽകും. ഇന്റർവ്യൂ അറ്റൻഡ് ചെയ്യാൻ എങ്ങനെ തയ്യാറെടുക്കണം എന്നുള്ള ക്ലാസുകൾ സംഘടിപ്പിക്കും. എക്സ്പീരിയൻസ് ലഭിക്കാൻ നമുക്കറിയാവുന്നവരുമായി അവരെ കണക്ട് ചെയ്ത് കൊടുക്കാനും ഉദ്ദേശിക്കുന്നുണ്ട്. നാട്ടിൽ നിന്ന് മെഡിസിൻ പഠനം പൂർത്തിയാക്കിയാലും ഇവിടെ വന്ന് റെസിഡൻസി ചെയ്യേണ്ടതുണ്ട്. പ്രവേശനം ലഭിക്കുന്നതിനുള്ള അപേക്ഷ പൂരിപ്പിക്കേണ്ടത് എങ്ങനെയാണെന്ന് തുടങ്ങി എല്ലാക്കാര്യങ്ങളിലും വിദഗ്ദോപദേശം നൽകും. മറ്റൊന്ന് ലോഞ്ച് പാഡ് പ്രോഗ്രാമാണ്. ചാരിറ്റി പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. എകെഎംജി ഹ്യൂമാനിറ്റേറിയൻ സർവീസസ് എന്നാണ് ആ വിങ്ങിന്റെ പേര്.

കോവിഡ് സമയത്ത് എകെഎംജി വിപുലമായി ഒരുപാട് കാര്യങ്ങൾ ചെയ്തു.200,000 ഡോളറിന്റെ പ്രോജക്റ്റായിരുന്നു അത്. പൾസ് ഓക്സിമീറ്ററുകളും മാസ്കും കേരളത്തിൽ എത്തിച്ചുകൊടുത്തു. ഡോക്ടർമാരുടെ കലാപരമായ കഴിവുകൾക്ക് എകെഎംജി നൽകുന്ന പിന്തുണയും പ്രോത്സാഹനവും അനുപമമാണ്. റീജിയണൽ കാൻസർ റിസർച്ച് സെന്ററുമായി ഒരു കൊളാബറേഷൻ പ്രോഗ്രാം നടത്താനും ഉദ്ദേശിക്കുന്നുണ്ട്.

കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചോ?

പല സ്റ്റേറ്റുകളിൽ നിന്നുള്ള ഡോക്ടർമാർ ഒത്തുകൂടുന്നതാണ് കൺവൻഷന്റെ ഹൈലൈറ്റ്. ഇത്തവണത്തെ കൺവൻഷൻ സാന്റിയാഗോയിലെ ഏറ്റവും വലിയ ഹോട്ടലായ ഹിൽട്ടൺ ബേഫ്രണ്ടിൽ വച്ചായിരിക്കും നടക്കുന്നത്. വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന സുന്ദരമായ സ്ഥലമാണ് അത്. പ്ലാനിങ് ആദ്യ പടി തുടങ്ങി. രജിസ്ട്രേഷൻ ആരംഭിച്ചു. മൂന്ന് ദിവസത്തെ പരിപാടികൾ കാണും. രണ്ടുമണിക്കൂറിന്റെ ബോട്ട് ട്രിപ്പുണ്ട്. എജ്യുക്കേഷണൽ ആക്ടിവിറ്റിക്കും പ്രാധാന്യം കൊടുക്കും. എകെഎംജി യിൽ അംഗങ്ങളായ ഞങ്ങൾ ഡോക്ടർമാരുടെ ഡാൻസ്,പാട്ട്,നാടകം എന്നീ കലാപരിപാടികളും കുടുംബസമേതം ആസ്വദിക്കാനാകും. നാട്ടിൽ നിന്ന് സെലിബ്രിറ്റി ആർട്ടിസ്റ്റിനെ കൊണ്ടുവന്നുള്ള പ്രോഗ്രാമോടെ ആയിരിക്കും സമാപന ചടങ്ങ്.

സൗഹൃദത്തിന് ഏറെ പ്രാധാന്യം കൊടുക്കുന്ന ആളാണോ?

തീർച്ചയായും. പഴയ സുഹൃത്തുക്കൾ ഇപ്പോഴും പ്രിയപ്പെട്ടതാണ്. ഹൈസ്കൂൾ ബാച്ചിന്റെ വാട്സാപ്പ് ഗ്രൂപ്പ് ഞാൻ തന്നെ മുൻകൈ എടുത്താണ് തുടങ്ങിയത്. അത് നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. നാട്ടിൽ പോയ സമയത്ത് എന്റെ വീട്ടിൽ ഒരു ഗെറ്റ് ടുഗദറും സംഘടിപ്പിച്ചു. നൊസ്റ്റാൾജിയ സെന്റ് മൈക്കിൾസ് എന്ന ഫേസ്ബുക് ഗ്രൂപ്പിലും സജീവമാണ്. കൂടെപ്പഠിച്ച ഓരോരുത്തരുടെയും പിറന്നാൾ ദിനത്തിൽ സ്മൂളിലൂടെ ഗ്രൂപ്പിലെ ഗായകർ ചേർന്ന് പാട്ടുപാടുന്നത് നല്ലൊരു അനുഭവമാണ്.



നേട്ടങ്ങൾ,പുരസ്കാരങ്ങൾ?

അന്നത്തെ കാലത്ത് എസ്എസ്എൽസിക്ക് സംസ്ഥാനത്ത് പതിനൊന്നാം റാങ്ക് ലഭിച്ചപ്പോൾ ഒരുപാട് സ്വീകരണം കിട്ടി. ഉമ്മൻ ചാണ്ടി,ടി.എം.ജേക്കബ് തുടങ്ങിയ മന്ത്രിമാരുടെ കയ്യിൽ നിന്നൊക്കെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രീഡിഗ്രിക്കും എംബിബിഎസിനും ഒന്നാം റാങ്കായിരുന്നു. അമേരിക്കൻ അക്കാഡമി ഓഫ് പീഡിയാട്രിക്സിന്റെ എജ്യുക്കേഷൻ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് ചെയറായി പ്രവർത്തിച്ചിട്ടുണ്ട്.ഫോമായുടെ അവാർഡ് കഴിഞ്ഞ വർഷം ലഭിച്ചിരുന്നു.

കുടുംബം?

അച്ഛന്റെ പേര് വാസുദേവ പണിക്കർ. അദ്ദേഹം ജീവിച്ചിരിപ്പില്ല. അമ്മ ഇപ്പോഴും കൂടെയുണ്ട്. എന്റെ ഏറ്റവും വലിയ ശക്തി എന്നുതന്നെ പറയാം. മൂത്ത മകൻ വിനായക് വിവാഹം കഴിഞ്ഞ് ഓസ്റ്റണിലാണ് താമസം. അവൻ ബയോമെഡിക്കൽ എഞ്ചിനീയറാണ്. ഇളയ മകൻ വിശാൽ ന്യൂയോർക്കിൽ കെമിക്കൽ എഞ്ചിനീയറാണ്.